<u>ഭരണഭാഷ മാതൃഭാഷ</u>

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കൻഡറി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - **dhsescholarships@gmail.com**
**ഫോൺ:0471-2580738**

എച്ച് എസ് ഇ/**9410/2024**-എ സി ഡി എസ് പി എൽ**1** തീയതി:**16-12-2024**

## <u>സർക്കുലർ</u>

വിഷയം: പൊ.വി.വ – ഹ.സെ.വി – **2024-2025** വർഷത്തെ ബി പി എൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് ഗുണഭോക്താക്കൾക്കുള്ള സ്കോളർഷിപ്പ് തുക വിതരണം സംബന്ധിച്ച് പ്രിൻസിപ്പൽമാർക്കുള്ള അറിയിപ്പ്

സൂചന: **1)27/09/2024** ലെ എച്ച് എസ് ഇ/**9410/2024**-എ സി ഡി എസ് പി എൽ**1** ഉത്തരവ്

**2)15/10/2024** ലെ എച്ച് എസ് ഇ/**9410/2024**-എ സി ഡി എസ് പി എൽ**1 (1)** ഉത്തരവ്

**3)15/10/2024** ലെ എച്ച് എസ് ഇ/**9410/2024**-എസി ഡി എസ് പി എൽ**1 (2)** ഉത്തരവ്

**4)04/12/2024** ലെ എച്ച് എസ് ഇ/**9410/2024**-എസി ഡി എസ് പി എൽ**1 (3-16)** ഉത്തരവ്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന **1,2,3** പ്രകാരം പ്ലസ് ടൂ റിന്യൂവൽ (ജനറൽ, എസ് സി എസ് റ്റി,ആർട്സ്/സ്പോർട്സ്/ഭിന്നശേഷി) കാറ്റഗറികളിലേയും സൂചന **4** പ്രകാരം പ്ലസ് വൺ ജനറൽ കാറ്റഗറിയിലേയും തുകകൾ പ്രിൻസിപ്പൽമാർക്ക് ട്രഷറി അലോട്ട്മെൻറ് ആയി നൽകി കഴിഞ്ഞു.തുക എത്രയും പെട്ടെന്ന് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പോർട്ടലിലെ ഉത്തരവുകളുമായി ഒത്തുനോക്കി മാറി

നൽകേണ്ടതാണ്. തുക ബിംസിൽ ലഭ്യമായിട്ടില്ലെങ്കിൽ 15 ദിവസത്തിനകം ഇ മെയിലായി അറിയിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞുള്ള അപേക്ഷകൾ പരിഗണിക്കുവാൻ സാധിക്കുകയില്ല.സാമ്പത്തിക വർഷം കഴിഞ്ഞാൽ തുക ലാപ്സാകുന്നതാണ്. ലാപ്സാക്കുന്ന തുക വീണ്ടും അനുവദിക്കുന്നതല്ല ആയത് പ്രിൻസിപ്പൽമാരുടെ ബാധ്യതയായി കണക്കാക്കുന്നതുമാണ്.

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് (KFC form 44) തയ്യാറാക്കുമ്പോൾ പ്ലസ് വൺ പ്ലസ് ടു എന്നിവ വെവ്വേറെ തയ്യാറാക്കേണ്ടതാണ്.പ്ലസ് ടു റിന്യൂവൽ മൂന്ന് കാറ്റഗറികളിലേയും തുക വിതരണം പൂർത്തിയായ സ്ഥിതിക്ക് ഒരൊറ്റ ഫോമിൽ മൂന്ന് കാറ്റഗറികളിലുമായി അതത് സ്കൂളിന് അനുവദിച്ച തുക,വിതരണം ചെയ്ത തുക,സറണ്ടർ ചെയ്ത തുക എന്നിവ രേഖപ്പെടുത്തി വെക്കേണ്ടതും ആയതിന്റെ PDF format ലിങ്ക് നൽകുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

Signed by
Shajitha S
Date: 16-12-2024 14:58:37

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ,അക്കാദമിക്
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി)